**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6020** **09-07-2024 - ൽ മറുപടിയ്ക്ക്**

**എസ്.ഐ.പി. നിക്ഷേപ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലേക്ക് മടങ്ങിവരാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്കായി സംസ്ഥാനത്തെ വ്യവസായ വളർച്ചക്ക് സഹായകരമാകുംവിധത്തിലുള്ള സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാനുകൾ (എസ്.ഐ.പി.) ആസൂത്രണം ചെയ്തു നടപ്പിലാക്കാമോ; വിശദാംശം നൽകാമോ; | (എ) | കേരളത്തിലേക്ക് മടങ്ങിവരാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്കായി സംസ്ഥാനത്തെ വ്യവസായ വളർച്ചക്ക് സഹായകരമാകും വിധത്തിലുള്ള സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാനുകൾ (എസ്.ഐ.പി.) നടപ്പിലാക്കുന്ന കാര്യം പരിഗണനാർഹമാണ്. പ്രവാസി ക്ഷേമത്തിനു വേണ്ടി കേരളത്തിൽ നോർക്ക ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന നിക്ഷേപ പദ്ധതി ചുവടെ കൊടുക്കുന്നു.<br><br><u>പ്രവാസി ഡിവിഡന്റ് പദ്ധതി</u><br><br>ദീർഘകാല നിക്ഷേപ പദ്ധതിയാണിത്. പ്രവാസികൾക്ക് 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപിക്കാവുന്നതാണ്. കിഫ്ബിക്ക് കൈമാറുന്ന ഈ തുക സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നു. നിക്ഷേപകർക്ക് നിക്ഷേപ തീയതി മുതൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 10% വാർഷിക നിരക്കിലുള്ള ഡിവിഡന്റ് പ്രതിമാസം ലഭിക്കുന്നു. ആദ്യ മൂന്ന് വർഷങ്ങളിലെ ഡിവിഡന്റ് നിക്ഷേപത്തോടൊപ്പം കൂട്ടിച്ചേർത്ത തുകയ്ക്കാണ് ലഭിക്കുന്നത്. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിന് സ്ഥിരം സംവിധാനം നടപ്പിലാക്കാമോ; വ്യക്തമാക്കാമോ? | (ബി) | പൊതുമേഖല സ്ഥാപനങ്ങളിൽ കമ്പനി നേരിട്ടു നടത്തുന്ന ഇന്റേണൽ ആഡിറ്റും കപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ മുഖേനയുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്റും പെർഫോമൻസ് ആഡിറ്റും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ